# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512

## വാർത്താക്കുറിപ്പ്

**2023 ഒക്ടോബർ 04**

---

## പ്രഫ. സാബു തോസിന് ക്ലാരിവേറ്റ് ഇന്ത്യ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്

ഗവേഷണ മേഖലയിലെ മികവിനുള്ള ക്ലാരിവേറ്റ് ഇന്ത്യ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് മഹാത്മാ ഗാന്ധിസർവകലാശാലാ മുൻ വൈസ് ചാൻസലർ പ്രഫ. സാബു തോമസിന്.

ഗവേഷണ മേഖലയിൽ 1980 മുതൽ 2022 വരെ നൽകിയ സംഭാവനകൾ പരിഗണിച്ചാണ് ആഗോളതലത്തിൽ വിഖ്യാതമായ ക്ലാരിവേറ്റ് അനലിറ്റിക്സ് ഇദ്ദേഹത്തെ പുരസ്കാരത്തിനായി തിരഞ്ഞെടുത്തത്. അക്കാദമിക് ഗവേഷണ വിവര ശേഖരണ രംഗത്ത് മുൻനിരയിലുള്ള വെബ് ഓഫ് സയൻസിലെ വിവരങ്ങളുടെയും ഗവേഷണ പ്രബന്ധങ്ങളുടെ വിശദമായ വിലയിരുത്തലിന്റെയും അടിസ്ഥാനത്തിലായിരുന്നു പുരസ്കാര നിർണയം.

അക്കാദമിക് ഗവേഷണ മേഖലയിൽ നിർണായക സംഭാവനകൾ നൽകിയിട്ടുള്ള പ്രഫ. സാബു തോമസ് ഗവേഷണ ഫലങ്ങൾ പൊതു സമൂഹത്തിനായി പ്രയോജനപ്പെടുത്തുന്നതിനും മുൻഗണന നൽകിയതായി ക്ലാരിവേറ്റ് അനലിറ്റിക്സ് വിലയിരുത്തി. 1400ലധികം ഗവേഷണ പ്രസിദ്ധകരണങ്ങളും 195 പുസ്തകങ്ങളും എഴുതിയിട്ടുള്ള ഇദ്ദേഹത്തിന്റെ എച്ച് ഇൻഡക്സ്(ഗവേഷണ ഫലത്തിന്റെ തോതും ഗുണനിലവാരവും വിലയിരുത്തുന്ന ഘടകം) 137ഉം സൈറ്റേഷനുകളുടെ എണ്ണം 97,000ലധികവുമാണ്.

ന്യൂദൽഹിയിൽ നടന്ന ചടങ്ങിൽ ക്ലാരിവേറ്റ് റിസർച്ച് ആൻറ് പാർട്ട്നർഷിപ്പ് വിഭാഗം വൈസ് പ്രസിഡന്റ് ഡയൻ തോമസ്, ഗ്രേറ്റർ ചൈന ആൻറ് സൗത്ത് ഈസ്റ്റ് ഏഷ്യ ജനറൽ മാനേജർ ഓഷർ ഗിലിൻസ്കി എന്നിവർ ചേർന്ന് പുരസ്കാരം സമ്മാനിച്ചു. സൗത്ത് ഏഷ്യ അക്കാദമിക് ആന്റ് ഗവൺമെന്റ് വിഭാഗം സീനിയർ ഡയറക്ടർ അനാമിക ചൗരസ്യയും പങ്കെടുത്തു.

പുരസ്കാരം മഹാത്മാ ഗാന്ധി സർവകലാശാലയിലെ നാനോ സയൻസ്, മെറ്റീരിയൽ സയൻസ് മേഖലകളിലെ ഗവേഷണ സംഘത്തിനുള്ള അംഗീകാരമാണെന്ന്

പ്രഫ. സാബു തോമസ് പറഞ്ഞു. ഈ വർഷം മേയിൽ വിരമിച്ച ഇദ്ദേഹം നിലവിൽ മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ്, സ്കൂൾ ഓഫ് നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി, ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി എന്നിവയുടെ ഡയറക്ടറാണ്.

**ഫോട്ടോ ക്യാപ്ഷൻ...**
ക്ലാരിവവേറ്റ് ഇന്ത്യ ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരം ന്യൂദൽഹിയിൽ നടന്ന ചടങ്ങിൽ ക്ലാരിവേറ്റ് പ്രതിനിധികളായ ഡയൻ തോമസ്, ഓഷർ ഗിലിൻസ്കി എന്നിവർ പ്രഫ. സാബു തോമസിന് സമ്മാനിക്കുന്നു.

(പി.ആർ.ഒ/39/1193/2023)

## <u>പ്രാക്ടിക്കൽ</u>

രണ്ടാം സെമസ്റ്റർ ബി.എസ്.സി ഇൻഫർമേഷൻ ടെക്നോളജി (സി.ബി.സി.എസ്, പുതിയ സ്കീം - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് - മെയ് 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഒക്ടോബർ 10 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.
......................

രണ്ടാം സെമസ്റ്റർ എം.എസ്.സി മൈക്രോബയോളജി(സി.എസ്.എസ്- 2020 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019-2021 അഡ്മിഷനുകൾ സപ്ലിമെൻററി - ജൂലൈ 2023) പരീക്ഷയുടെ സെപ്റ്റംബർ 28,29 തീയതികളിൽ നടത്താനിരുന്ന പ്രാക്ടിക്കൽ പരീക്ഷകൾ കാലടി ശ്രീ ശങ്കര കോളജിൽ ഒക്ടോബറിൽ 12,13 തീയതികളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ
........................

രണ്ടാം സെമസ്റ്റർ എം.എസ്.സി ബയോകെമിസ്ട്രി(സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019-2021 അഡ്മിഷൻ സപ്ലിമെൻററി - ജൂൺ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 10 മുതൽ അതത് കോളജുകളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.
.........................

രണ്ടാം സെമസ്റ്റർ എം.എസ്.സി ഹോം സയൻസ്(സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019-2021 അഡ്മിഷനുകൾ സപ്ലിമെൻററി - ജൂലൈ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഒക്ടോബർ ഒൻപതു മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1194/2023)

## പരീക്ഷാ ഫലം

നാലാം സെമസ്റ്റർ എം.എസ്.സി ഡാറ്റാ അനലിറ്റിക്സ്(പി.ജി.സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ - ജൂൺ 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ 18 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

..................................

നാലാം സെമസ്റ്റർ എം.എ മ്യൂസിക് വോക്കൽ (റഗുലർ ജൂൺ 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ 18 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1195/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**